# ശതാബ്ദി നിറവിൽ സി.പി.സി.ആർ.ഐ കാർഷിക മേള തുടങ്ങി

Chandrika 11/12/16

കാസർകോട്: കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ (സി.പി.സി.ആർ.ഐ) ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായുള്ള അന്താരാഷ്ട്ര സെമിനാറിനും കാർഷിക സെമിനാറിനും തുടക്കമായി. കേന്ദ്ര കൃഷിമന്ത്രി രാധാമോഹൻ സിംഗ് ഉദ്ഘാടനം ചെയ്തു. കേന്ദ്രസർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സംസ്ഥാനം സമയബന്ധിതമായി ചെലവഴിക്കണമെന്ന് മന്ത്രി പറഞ്ഞു.



കാസർകോട്കന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായുള്ള അന്താരാഷ്ട്ര സെമിനാർ കേന്ദ്ര കൃഷിമന്ത്രി രാധാമോഹൻ സിംഗ് ഉദ്ഘാടനം ചെയ്യുന്നു

കൃഷി ഭൂമിയിൽ ജലലഭ്യത ഉറപ്പുവരുത്താൻ കേന്ദ്ര സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചു വരികയാണ്. കർഷകർക്കു നൽകുന്ന സോയിൽ ഹെൽത്ത് കാർഡ് എടുക്കാനായി കർഷകർ മുന്നോട്ടു വരണം. കൃഷി ഭൂമിയുടെ അവസ്ഥ തിരിച്ചറിഞ്ഞു വേണം കൃഷിചെയ്യാൻ. സംസ്ഥാനത്ത് 7.05 ലക്ഷം സോയിൽ ഹെൽത്ത് കാർഡ് നൽകാനായിരുന്നു പദ്ധതി ഇട്ടിരുന്നത്. എന്നാൽ 1.33 ലക്ഷം കാർഡ് മാത്രമേ നൽകാൻ സാധിച്ചിട്ടുള്ളൂ. തെറ്റായ രീതിയിലുള്ള വളപ്രയോഗം മണ്ണിന് ദോഷം ചെയ്യും. നാളികേര ഉത്പാദനത്തിലും വിപണനത്തിലും മുൻപന്തിയിലാണ് നമ്മുടെ രാജ്യം. കേരളത്തിൽ എല്ലാവീടുകളിലും തെങ്ങുകൾ ഉണ്ട്.

കേരളത്തിൽ ഈ അടുത്തായി 246 ഹെക്ടർ സ്ഥലത്ത് കൂടുതലായി നാളികേരം ഉത്പാദിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. നാളികേര ഉൽപ്പന്നങ്ങളുടെ വിപണനവും വർദ്ധിച്ചു വരികയാണ്. ഇത് നമുക്ക് അഭിമാനിക്കാവുന്ന നേട്ടമാണെന്നും മന്ത്രി പറഞ്ഞു.

പി. കരുണാകരൻ എം.പി അധ്യക്ഷത വഹിച്ചു. സി.പി..സി.ആർ.ഐയുടെ വിവിധ പുസ്തകങ്ങളുടെ പ്രകാശനവും നാളികേര ഉൽപ്പന്നങ്ങളുടെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവഹിച്ചു. റവന്യൂ വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ, ഉത്തര കന്നഡ എം.പി.അനന്ത് കുമാർ ദത്താത്രേയ ഹെഗ്ഡേ, സി.പി.സി.ആർ.ഐ ഡയറക്ടർ ജനറൽ ഡോ. തിലോചൻ മഹാപാത്ര, കാംപ്കോ പ്രസിഡണ്ട് എസ്.ആർ. തീഷ്ചന്ദ്ര, മൊഗ്രാൽപുത്തൂർ പഞ്ചായത്ത് പ്രസിഡണ്ട് എ.എ ജലീൽ, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ വി. പ്രദീപ് സംസാരിച്ചു. സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ. പി ചൗഡപ്പ സ്വാഗതം പറഞ്ഞു.